"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം -അഡ്മിനിസ്ട്രേറ്റീവ് കേഡർ - സ്ഥലംമാറ്റം നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1642/2025/H&FWD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 877/2024 മേലുള്ള 07.08.2024 ലെ ഉത്തരവ്
2. 09.12.2024 ലെ സ.ഉ (സാധാ) നമ്പർ 2979/2024/H&FWD
3. ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1912/2024 മേലുള്ള 20.12.2024 ലെ ഉത്തരവ്

4 22.01.2025 ലെ സ.ഉ.(സാധാ) നമ്പർ 162/2025/H&FWD

5 ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 137/2025 മേലുള്ള 23.01.2025 ലെ ഉത്തരവ്

6 ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ MA (EKM) 189/2025 in OA(EKM) 137/2025 മേലുള്ള 06.02.2025 ലെ ഉത്തരവ്

7 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 137/2025 മേലുള്ള 02.04.2025 ലെ ഉത്തരവ്

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് അനുവർത്തനം ചെയ്യുന്നതിനായി ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിൽ പരാമർശം (2) ഉത്തരവ് പ്രകാരം സ്ഥലം മാറ്റ നിയമനം നടത്തിയിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ ഫയൽ ചെയ്തിരുന്ന 0A 1903/2024, 0A 1912/2024 എന്നിവയിന്മേൽ ഇടക്കാല ഉത്തരവ് പ്രകാരം ടി സ്ഥലം മാറ്റ ഉത്തരവ് ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. 0A 1912/2024 മേലുള്ള പരാമർശം (3) ഉത്തരവ് പ്രകാരം പരാമർശം (2) ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളെയും നേരിൽ കേട്ട ശേഷം പരാമർശം (4) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (5), (6) എന്നീ ഇടക്കാല ഉത്തരവുകൾ പ്രകാരം പരാമർശം (4) ഉത്തരവ് പ്രകാരമുള്ള സ്ഥലം മാറ്റം ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. പരാമർശം (7) പ്രകാരം സ്ഥലം മാറ്റം എന്നത് ഒന്നാം എതിർകക്ഷിയുടെ അധികാരപരിധിയിൽ വരുന്ന ഒരു സേവനത്തിന്റെ ഭാഗമാണെന്നും. സർക്കാർ ജീവനക്കാർക്ക് ഒരു സ്റ്റേഷനിൽ തുടരാനോ പോസ്റ്റിംഗ് സ്ഥലം

തിരഞ്ഞെടുക്കാനോ അവകാശമില്ലെന്നും. സ്ഥലം മാറ്റ ഉത്തരവിൽ ഇടപെടാനുള്ള ഏക സാഹചര്യം ദുരുദ്ദേശ്യം തെളിയിക്കപ്പെടുമ്പോഴോ നിയമലംഘനം നടക്കുമ്പോഴോ അധികാരിക്ക് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിവില്ലായ്മ ഉണ്ടാകുമ്പോഴോ മാത്രമാണെന്നും നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പരാമർശം (4) ഉത്തരവിലെ (അനുബന്ധം A11). അപേക്ഷകനുമായി ബന്ധപ്പെട്ട ഭാഗം റദ്ദാക്കുന്നുവെന്നു ബഹു. ട്രൈബ്യൂണൽ നിരീക്ഷിച്ചു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ അഡിഷണൽ ഡയറക്ടർ തസ്തികയിൽ താഴെപ്പറയും പ്രകാരം സ്ഥലംമാറ്റ നിയമനം നടത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i). തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(ടിബി) ആയ ഡോ.രാജാറാം കിഴക്കേകണ്ടിയിലിനെ കോഴിക്കോട്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആയി നിയമിക്കുന്നു.

അഡീഷണൽ ഡയറക്ടറും കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുമായിരുന്ന ഡോ. രാജാറാം കിഴക്കേകണ്ടിയിലിന് സ്ഥലംമാറ്റം നൽകി അഡീഷണൽ ഡയറക്ടർ (ടി.ബി) ആയി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവായിരുന്നു. കോഴിക്കോട് നിന്നും തിരുവനന്തപുരത്തേയ്ക്കുള്ള സ്ഥലംമാറ്റത്തിനെതിരെ ഡോക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ നം. 877/2024 ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത OA യിന്മേലുള്ള 07.08.2024 തീയതിയിലെ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പരിഗണിച്ച് കൂടിയാണ് മേൽ സ്ഥലമാറ്റം.

ii) നിലവിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം ചെയ്യുന്ന ഡോ.പീയുഷ് .എം നെ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറായി തുടരുവാൻ അനുവദിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ടേറ്റിവ് ട്രൈബ്യൂണലിന്റെ OA(EKM) 137/2025 ന്മേലുള്ള 02.04.2025 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ സ്ഥലമാറ്റം.

iii) നിലവിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്) ആയി സേവനം അനുഷ്ഠിക്കുന്ന ഡോ. സക്കീന .കെ യെ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(ടിബി) ആയി നിയമിക്കുന്നു.

ടി ഡോക്ടർക്ക് ടിബി അനുബന്ധ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പ്രവർത്തി പരിചയം ഉള്ളതിനാലാണ് ഈ നിയമനം.

iv) നിലവിൽ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ.ആശാദേവിയെ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറായി തന്നെ തുടരുവാൻ അനുവദിക്കുന്നു .

പ്രവർത്തന പരിചയവും അനുഭവ മികവുമുള്ള ഡോക്ടറുടെ സേവനം എറണാകുളത്തു ആവശ്യമായതിനാലാണ് ടി ഡോക്ടറിനെ എറണാകുളത്ത് തന്നെ തുടരുവാൻ അനുവദിച്ചിട്ടുള്ളത് .

v) നിലവിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ഡോ.രാജേന്ദ്രൻ എൻ-നെ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്) ആയി നിയമിക്കുന്നു.

തിരുവനന്തപുരത്ത് ജോലി ചെയ്തു വരുന്ന അവസരത്തിൽ മകളുടെ പഠനവുമായി ബന്ധപ്പെട്ട് കോഴിക്കോട് തന്റെ സാന്നിദ്ധ്യം ആവശ്യമാണെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ വളരെ അനുകമ്പാർഹമായ സമീപനം സ്വീകരിച്ചതാണ് ഡോക്ടർ കോഴിക്കോട് സേവനം അനുഷ്ഠിക്കാനുണ്ടായ സാഹചര്യം. ഇപ്പോൾ മകൾ ഉപരിപഠനാർത്ഥം അന്യ സംസ്ഥാനത്താണ്. നിലവിൽ കോഴിക്കോട് തുടരേണ്ടതായ സാഹചര്യം ഇല്ല. ടിയാൻ ഹെൽത്തുമായി ബന്ധപ്പെട്ട് വിവിധ പ്രോഗ്രാമുകൾ , വർക്ക് ഷോപ്പുകൾ എന്നിവയിൽ പങ്കെടുത്തിട്ടുള്ളത് പരിഗണിച്ചും മാത്രവുമല്ല , സീനിയറായ ഒരു ഡോക്ടറുടെ സേവനം തിരുവനന്തപുരത്ത് ആവശ്യമായതിനാലാണ് ഡോക്ടറെ തിരികെ തിരുവനന്തപുരത്ത് നിയമിച്ചിട്ടുള്ളത്.

3) ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതും. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയതിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), (തിരുവനന്തപുരം,എറണാകുളം, കോഴിക്കോട്, കണ്ണൂർ )
അഡ്വക്കേറ്റ് ജനറൽ , എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (എ1/237/2024/ആകുവ)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 13-06-2025 11:42:42

**<u>മേലെഴുത്തു കത്ത് നമ്പർ ആ .വ.ഡ /5884/2024-ഇ.ആർ1 13-06-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരുടെ അറിവിലേയ്ക്കും മേൽ നടപടിക്കുമായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
M . Abul Kalam
Date: 13-06-2025 17:13:09

ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.